കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പറക്കോട് ബ്ലോക്ക് പഞ്ചായത്ത് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2012-13 - നടപ്പിലാക്കിയതിന് സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).3274/14/തസ്വഭവ — തീയതി, തിരുവനന്തപുരം, 11.12.2014

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 31.10.2014 ലെ 15002/ഡിപി4/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ ശിശുവികസന ആഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് SCP (പ്രോജക്ട് നമ്പർ എസ്.ഒ.123/2013) എന്ന പദ്ധതിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഉന്നയിച്ചിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണരീതിയിൽ ഉണ്ടായ വ്യതിയാനം മാത്രമാണ് ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സപ്പെടുത്തിയതെന്നും സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് നിർബന്ധമായി വകയിരുത്തേണ്ടുന്ന പദ്ധതിയടങ്കലിന്റെ 5% ഉൾപ്പെട്ട തുകയാണ് ടി പദ്ധതിയ്ക്കായി അനുവദിച്ചുനൽകിയിട്ടുള്ളതെന്നും സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആനുകൂല്യം നൽകുക വഴി യാതൊരു വിധത്തിലും പദ്ധതി പണം നഷ്ടം ഉണ്ടായിട്ടില്ലെന്നും ആയതിനാൽ 2012-13 സാമ്പത്തിക വർഷം പറക്കോട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി മേലിൽ ഇത്തരം പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ലായെന്ന കർശന നിർദ്ദേശം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് നൽകിക്കൊണ്ട് ടി പദ്ധതിക്കായുള്ള 1,32,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് SCP എന്ന പദ്ധതിക്കായുള്ള (എസ്.ഒ.123/2013) 1,32,000/- രൂപയുടെ ചെലവിന് മേലിൽ ഇത്തരം പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ലായെന്ന കർശന നിർദ്ദേശം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് നൽകിക്കൊണ്ട് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.രാജൻ ഖോബ്രാഗഡെ ഐ.എ.എസ്.
സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, പറക്കോട്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം